പറയുന്നില്ല. ചുരുങ്ങിയ നാളുകൾ കൊണ്ട് തന്നെ ഇത് രണ്ടും പൂർത്തീകരിക്കാൻ സാധിക്കും. യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ ഈ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി രൂപീകരിച്ചതാണ് ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി. ഈ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുമ്പോൾ പിന്നെ എന്തിനാണ് ഡേറ്റിന് പ്രസക്തി? ഡേറ്റിനുപോലും പ്രസക്തിയില്ല. ആ രൂപത്തിൽ ഉണർന്നു പ്രവർത്തിക്കുകയാണെന്നാണ് എനിക്ക് പറയാനുള്ളത്.

(2) തൊഴിലുറപ്പ് പദ്ധതി

ശ്രീ. പി. ജയരാജൻ: സർ, നമ്മുടെ രാജ്യത്ത് കഴിഞ്ഞ കുറച്ച് വർഷങ്ങളായി മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇടതുപക്ഷത്തിന്റെ പിന്തുണയോടുകൂടി ഒന്നാം യു.പി.എ. ഗവൺമെന്റ് അധികാരത്തിലുള്ള അവസരത്തിലാണ് ദേശീയ തൊഴിലുറപ്പ് നിയമം പാസ്സാക്കപ്പെട്ടത്. ആ നിയമം നടപ്പാക്കുന്ന സംസ്ഥാനങ്ങളിൽ മുൻപന്തിയിലാണ് കേരളം. മറ്റ് പല സംസ്ഥാനങ്ങളിലും തൊഴിലുറപ്പ് പദ്ധതി പ്രകാരം അതാത് സംസ്ഥാനങ്ങളിൽ നിശ്ചയിച്ചിട്ടുള്ള മിനിമം കൂലിപോലും ലഭിക്കുന്നില്ല. അവിടെ വ്യാജ മസ്റ്റർ റോൾ ഉണ്ടാക്കുന്നു, അതുപോലെ തന്നെ നിശ്ചയിച്ചിട്ടുള്ള മിനിമം കൂലി കൊടുക്കുന്നില്ല. യന്ത്രങ്ങളെക്കൊണ്ട് പണിയെടുപ്പിക്കുന്നു, ഇങ്ങനെയെല്ലാമുള്ള വലിയ പരാതികൾ മറ്റ് പല സംസ്ഥാനങ്ങളിലുമുണ്ടെങ്കിലും കേരളത്തിൽ അത് ഫലപ്രദമായി നടപ്പാക്കാനുള്ള നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്. 100 ദിവസം പണി കൊടുക്കുക എന്നത് കേരള ഗവൺമെന്റിന് പ്രായോഗികമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങളാണ് അതിന് തടസ്സം നിൽക്കുന്നത്. ആ മാനദണ്ഡങ്ങൾ മാറ്റിക്കഴിഞ്ഞാൽ കേരളത്തിന്റെ സവിശേഷ സ്ഥിതികൂടി പരിഗണിച്ചുകൊണ്ട് തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുമ്പോൾ കേരളത്തിന് നല്ല രീതിയിൽ മുന്നോട്ട് പോകാൻ കഴിയും. കേന്ദ്ര ഗവൺമെന്റ് കേരളത്തിലെ 14 ജില്ലകളിൽ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രകാരം അനുവദിക്കേണ്ട തുക എല്ലാ ജില്ലകളിലും അനുവദിക്കാത്ത ഒരു സാഹചര്യമുണ്ടായി. 11 ജില്ലകൾക്ക് ഫണ്ട് നിഷേധിച്ച അനുഭവമുണ്ടായി. കേരളത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ 90 ശതമാനവും സ്ത്രീ തൊഴിലാളികളാണ് ജോലി ചെയ്യുന്നത്.

സംസ്ഥാന ഗവൺമെന്റിന് അനുവദിച്ച 356 കോടി രൂപയിൽ 300 കോടി രൂപയും ചെലവഴിച്ചുകഴിഞ്ഞു. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്തിട്ടുപോലും കേന്ദ്ര ഗവൺമെന്റ് ഫണ്ട് അനുവദിക്കാതിരിക്കുകയാണ് ചെയ്തത്. ആ ഫണ്ട് കൃത്യമായി കേരളത്തിന് അനുവദിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് തൊഴിലുറപ്പ് പദ്ധതി പ്രകാരം കേരളത്തിൽ 100 ദിവസം തൊഴിൽ ലഭിക്കാനുള്ള സാഹചര്യമുണ്ടാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. മറ്റൊരു കാര്യം കേന്ദ്ര തൊഴിലുറപ്പ് നിയമപ്രകാരം അതാത് സംസ്ഥാനങ്ങളിൽ നിലവിലുള്ള മിനിമം കൂലി കൊടുക്കണമെന്നാണ് വ്യവസ്ഥ. കേരളത്തിൽ 200 രൂപയാണ് മിനിമം കൂലി. പക്ഷേ ഇവിടെ കൊടുക്കുന്നത് 125 രൂപയാണ്. അത് 200 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് പലതവണ കേന്ദ്രത്തോട് ആവശ്യപ്പെട്ടെങ്കിലും കേന്ദ്രം സമ്മതിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതാത് സംസ്ഥാനത്തെ മിനിമം കൂലി കൊടുക്കുക എന്നുള്ളത നിയമപരമായി ഗവൺമെന്റിന്റെ ബാധ്യതയാണ്. മിനിമം വേജസ് ആക്ട് കേന്ദ്ര നിയമമാണ്. അതാത് സംസ്ഥാനത്തെ മിനിമം വേജസ് ആക്ടനുസരിച്ച് നിശ്ചയിച്ചിട്ടുള്ള കൂലി കൊടുത്തിട്ടില്ലെങ്കിൽ അത് തീർച്ചയായും ഏറ്റവും വലിയ നിയമലംഘനമാണ്. ഇവിടെ സുപ്രീംകോടതി നേരത്തേ നൽകിയിട്ടുള്ള വിധിയുണ്ട്. 1983-ലെ സുപ്രീംകോടതി വിധിയിൽ പറയുന്നത്. "Where a person provides labour or service to another for remuneration which is less than the minimum wages, the labour or service provided by him clearly falls within the meaning of the words 'forced labour' and attract the condemnation of Article 23" ആർട്ടിക്കിൾ 23 എന്താണ് പറയുന്നത്? മനുഷ്യക്കച്ചവടത്തിന്റേയും നിർബന്ധിച്ച് പണി ചെയ്യിക്കുന്നതിന്റേയും നിരോധനം. അതാണ് ആർട്ടിക്കിൾ 23. അടിമക്കച്ചവടമെന്ന് പറയുന്നില്ലെങ്കിലും യഥാർത്ഥത്തിൽ അടിമക്കച്ചവടത്തിന് സമാനമായിട്ടുള്ള കുറ്റകൃത്യമായി രൂപപരിണാമപോലും കണക്കാക്കുന്ന ഒരു പ്രവൃത്തിയാണ് കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് കേന്ദ്ര തൊഴിലുറപ്പ് നിയമമനുസരിച്ച് അതാത് സംസ്ഥാനത്തിലെ മിനിമം കൂലി കൊടുക്കണം. മറ്റ് പല സംസ്ഥാനങ്ങളിലും മിനിമം കൂലി 60 രൂപയാണ്. ഈ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് വന്നിട്ടുള്ള നിരവധി പരാതികൾ കേന്ദ്ര ഗവൺമെന്റിന്റെ വെബ്സൈറ്റിൽ കാണാൻ കഴിഞ്ഞു. അവിടെ നിശ്ചയിച്ചിട്ടുള്ള മിനിമം കൂലിയായ 60 രൂപപോലും കൊടുക്കുന്നില്ല. ബി.ഡി.ഒ.-മാർ പലരും വ്യാജ ഒപ്പിട്ട് 60 രൂപ കൊടുക്കേണ്ട സ്ഥാനത്ത് 25 രൂപയാണ് പല തൊഴിലാളികൾക്കും കൊടുക്കുന്നത്. കേരളത്തിലെ മിനിമം കൂലി 200 രൂപയാണ്. ആ മിനിമം കൂലി കേരളത്തിലെ തൊഴിലുറപ്പ് പദ്ധതിയിൽ ജോലിചെയ്യുന്ന മുഴുവൻ ആളുകൾക്കും ലഭ്യമാക്കണമെന്നുള്ളതാണ് ഈ കാളിംഗ് അറ്റൻഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. അതിനുവേണ്ടി ഭരണ-പ്രതിപക്ഷ വ്യത്യാസമെന്യേ സഭ ഒന്നടങ്കം ആവശ്യപ്പെടണം. കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് ഈ നിയമം അതിന്റെ സ്പിരിറ്റ് അനുസരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2010-11 സാമ്പത്തിക വർഷത്തേക്ക് 1131.94 കോടി രൂപയ്ക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകുകയും ആദ്യ ഗഡുവായി വിവിധ ജില്ലകൾക്കായി 235.08 കോടി രൂപ അനുവദിക്കുകയും ചെയ്തു. ലഭ്യമായ തുകയുടെ 60 ശതമാനം ചെലവഴിച്ചു കഴിയുമ്പോൾ അടുത്ത ഗഡുവിന് നിയമപരമായി അർഹതയുണ്ട്. അനുവദിച്ച ഫണ്ട് ജില്ലകളുടെ അക്കൗണ്ടുകളിലേക്ക് ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നുണ്ട്. ഉദാഹരണമായി കണ്ണൂർ ജില്ലയിൽ മൂന്നാം ഗഡു പണം അനുവദിക്കുന്നതിലും കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. ഉദാഹരണത്തിന് തൃശ്ശൂർ, കോഴിക്കോട് ജില്ലകൾ. മൂന്നാം ഗഡു പണം

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുന്നതിന് തൃശ്ശൂർ ജില്ല 3-11-2010-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ഇതുവരേയും അനുവദിച്ചിട്ടില്ല. സെപ്റ്റംബർ 30 വരെ നൽകുന്ന രണ്ടാം ഗഡുവിനുള്ള അപേക്ഷയോടൊപ്പം മുൻവർഷത്തെ ഓഡിറ്റ് ചെയ്ത കണക്കുകൾ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നില്ല. കേന്ദ്രസർക്കാർ നിഷ്ക്കർഷിച്ചിരുന്ന നിബന്ധനകൾക്ക് അനുസൃതമായാണ് അപേക്ഷകൾ സമർപ്പിച്ചത്. കൃത്യ-സമയത്തിനകം തന്നെ അപേക്ഷകൾ സമർപ്പിച്ചുവെങ്കിലും രണ്ടാം ഗഡു അനുവദിക്കുന്നതിൽ കാലതാമസമുണ്ടായി. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം കേന്ദ്രസർക്കാർ തൊഴിലുറപ്പ് പദ്ധതിയുടെ മിനിമം കൂലി നിശ്ചയിക്കുന്നതുവരെ മിനിമം വേതന നിയമപ്രകാരം അതത് സംസ്ഥാനത്ത് നിലവിലുള്ള കർഷകത്തൊഴിലാളികളുടെ മിനിമം കൂലിയാണ് തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികൾക്ക് കൂലിയായി നൽകേണ്ടത്. ഇതനുസരിച്ചാണ് 2006 ഫെബ്രുവരിയിൽ സംസ്ഥാനത്ത് അന്ന് നിലവിലുണ്ടായിരുന്ന കാർഷിക തൊഴിലാളികളുടെ മിനിമം വേതനമായ 125 രൂപ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ മിനിമം വേതനമായി കേന്ദ്രസർക്കാർ നിശ്ചയിച്ചത്. സംസ്ഥാനത്ത് 10-8-2009 മുതൽ കർഷകത്തൊഴിലാളികളുടെ മിനിമം കൂലി 200 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതുപ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ കൂലിയും വർദ്ധിപ്പിക്കണമെന്ന് കേരളം ആവശ്യപ്പെട്ടിരുന്നെങ്കിലും കേന്ദ്ര സർക്കാർ തൊഴിലുറപ്പ് നിയമത്തിലെ 6(1) വകുപ്പ് പ്രകാരം സംസ്ഥാനത്തെ മിനിമം കൂലി 125 രൂപയായി നിലനിർത്തി ഉത്തരവ് പുറപ്പെടുവിക്കുകയാണുണ്ടായത്. ഈ നടപടി ദേശീയ തൊഴിലുറപ്പ് നിയമത്തിലെതന്നെ വ്യവസ്ഥകൾക്കും 1948-ലെ മിനിമം കൂലി നിയമത്തിലെ വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ഇതോടുകൂടി നിയമപരമായി തൊഴിലാളികൾക്ക് അർഹതപ്പെട്ട മിനിമം വേതനം നിഷേധിക്കപ്പെടുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയുടെ മിനിമം വേതനം 200 രൂപയായി ഉയർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് 28-8-2010-ൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ഗ്രാമവികസന പഞ്ചായത്ത് രാജ് മന്ത്രിക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രി 11-11-2010-ന് ഇന്ത്യൻ പ്രധാനമന്ത്രിക്കും കത്തുകളയച്ചിട്ടുണ്ട്.

ശ്രീ. പി. ജയരാജൻ: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിലൂടെ കേന്ദ്ര ഗവൺമെന്റ് കേരളത്തിലെ നിശ്ചയിക്കപ്പെട്ട മിനിമം കൂലി നൽകില്ലെന്ന നിലപാട് കൈക്കൊണ്ടിരിക്കുകയാണ്. ഇത് നമ്മുടെ ഭരണഘടനയിൽ പറഞ്ഞിട്ടുള്ള മനുഷ്യക്കച്ചവടത്തിന് സമാനമായിട്ടുള്ള ഒന്നായിട്ടാണ് സുപ്രീംകോടതിപോലും കണക്കാക്കിയത്. അതിന്റെ അടിസ്ഥാനത്തിൽ പ്രതിപക്ഷ നേതാവിനെയടക്കം ഉൾപ്പെടുത്തിക്കൊണ്ട് ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്താൻ ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധമാകുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, തീർച്ചയായും ഈ കാര്യത്തിൽ സഭയുടെ പൊതുവികാരം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly